## പത്രക്കുറിപ്പ്

# വിദേശ വനിതകളുടെ മൊബൈൽ ഫോണുകൾ മോഷ്ടിച്ച പ്രതി പിടിയിൽ

## ട്രിപ്പിൾ ലോക്ക് ഡൗൺ വിലക്ക് ലംഘനം: 125 പേർക്കെതിരെ നിയമനടപടി

തിരുവനന്തപുരം:- കോവളം ബീച്ചിൽ നിന്നും വിദേശ വനിതകളുടെ മൊബൈൽ ഫോണുകളും ബാഗും മോഷ്ടിച്ചെടുത്തയാളെ പോലീസ് പിടികൂടിയതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. വിഴിഞ്ഞം ആമ്പൽക്കുളം സ്വദേശി അലി എന്ന് വിളിക്കുന്ന സെയ്ദ് അലി (19)-യെയാണ് കോവളം പോലീസ് അറസ്റ്റ് ചെയ്തത്.

തിങ്കളാഴ്ച രാവിലെ 11.00 മണിയ്ക്ക് കോവളം ബീച്ചിൽ നായ്ക്കൾക്ക് ഭക്ഷണം കൊടുക്കാനായി വന്ന വിദേശ വനിതകളുടെ വിലപിടിപ്പുള്ള രണ്ട് മൊബൈൽ ഫോണുകളും ബാഗും പ്രതി മോഷ്ടിച്ചെടുത്ത് കടന്ന് കളയുകയായിരുന്നു. സമീപത്തെ സി.സി.റ്റി.വി ദൃശ്യങ്ങൾ ശേഖരിച്ച് നടത്തിയ അന്വേഷണത്തിലാണ് പ്രതി പിടിയിലായത്. കോവളം എസ്.എച്ച്.ഒ ശ്രുപേഷ് രാജ്, എസ്.ഐ ഗംഗാപ്രസാദ്, സി.പി.ഒ-മാരായ ഷിജു, ശ്യാംകൃഷ്ണൻ, രാജേഷ്, ബാബു, ബിജേഷ് എന്നിവരടങ്ങിയ പോലീസ് സംഘമാണ് അന്വേഷണം നടത്തി പ്രതിയെ അറസ്റ്റ് ചെയ്തത്. ഇയാൾക്കെതിരെ രണ്ട് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.



കോവളം പോലീസ് അറസ്റ്റ് ചെയ്ത സെയ്ദ് അലി (19)

# ട്രിപ്പിൾ ലോക്ക് ഡൗൺ വിലക്ക് ലംഘനം: 125 പേർക്കെതിരെ നിയമനടപടി

തിരുവനന്തപുരം:- ട്രിപ്പിൾ ലോക്ക്ഡൗൺ ദിനമായ ഇന്നലെ (20-05-2021) നാല് മണിവരെ തിരുവനന്തപുരം നഗരത്തിൽ പോലീസ് നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 124 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 31 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 93 പേരിൽ നിന്നും സാമൂഹിക അകലം പാലിക്കാത്ത 2 പേരിൽ നിന്നുമായി 47,500/- രൂപ പിഴ ഈടാക്കി. ശരിയായ രീതിയിൽ സുരക്ഷാ മുൻകരുതൽ എടുക്കാത്ത 485 പേർക്ക് താക്കീത് നൽകി വിട്ടയച്ചിട്ടുള്ളതുമാണ്.

## അറിയിപ്പ് 1



ഈ ഫോട്ടോയിൽ കാണിച്ചിരിക്കുന്ന സരോജം 67 വയസ്സ് എന്ന് പേരുവിവരം പറഞ്ഞിട്ടുള്ള സ്ത്രീ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ചികിത്സയിൽ കഴിഞ്ഞുവരവേ മരണപ്പെട്ടിട്ടുള്ളതും മൃതശരീരം ജനറൽ ആശുപത്രി മോർച്ചറിയിൽ സൂക്ഷിച്ചുവരുന്നതുമാണ്. ഇവരെക്കുറിച്ചോ, ഇവരുടെ ബന്ധുക്കളെകുറിച്ചോ എന്തെങ്കിലും വിവരം അറിയാവുന്നവർ ഉണ്ടെങ്കിൽ തിരുവനന്തപുരം സിറ്റി ഫോർട്ട് പോലീസ് സ്റ്റേഷനുമായി ബന്ധപ്പെടുക.

ഫോർട്ട് പോലീസ് സ്റ്റേഷൻ -04712461105

എസ് ഐ ഫോർട്ട് ഫോർട്ട് – 9497980044

എസ് എച്ച് ഓ ഫോർട്ട് – 9497987010

# അറിയിപ്പ് 2

ഈ ഫോട്ടോയിൽ കാണുന്ന മണിയൻ, വയസ്സ് 75 എന്നയാൾ– 12.05.2021–ാം തീയതി പേരൂർക്കട ഇഎസ്ഐ ആശുപത്രിയിൽ ചികിൽസയ്ക്കായി വന്നിട്ടുള്ളതും ഇയാൾ വിലാസം ആശുപത്രിയിൽ പറഞ്ഞിട്ടില്ലാത്തതും, തുടർന്ന് ഇഎസ്ഐ ആശുപത്രിയിൽ നിന്നും മെഡിക്കൽകോളേജ് ആശുപത്രിയിലേക്ക് റഫർ ചെയ്ത് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിൽസയിൽ കഴിഞ്ഞു വരവേ ഇയാൾ 14.05.2021–ാം തീയതി മരണപ്പെടുകയും ബോഡി മോർച്ചറിയിൽ സൂക്ഷിച്ച് വരുന്നതുമാകുന്നു. ഇയാളെപ്പറ്റി എന്തെങ്കിലും വിവരം ലഭിക്കുന്നവർ പേരൂർക്കട പോലീസ് സ്റ്റേഷനുമായി ബന്ധപ്പെടാൻ താത്പര്യപ്പെടുന്നു.



(ഫോൺ നമ്പർ 0471–2433243, 9497980011)

തിരുവനന്തപുരം സിറ്റി

20–05–2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം സിറ്റി